**കേരള സർക്കാർ**

**ഭരണഭാഷ – മാതൃഭാഷ**

**DFTVM/1321/2026-N2-Part(1)**

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:**20-07-2026**
ഇ-മെയിൽ:**fisheriesdirector@gmail.com**

ഫിഷറീസ് ഡയറക്ടർ,
തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- ഫിഷറീസ്- വിദ്യാതീരം **2026-27** – **CA, ACCA, German, Italian, LLB, IELTS, OET** എന്നീ കോച്ചിംഗ് പരിപാടികൾ – സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നത് – സംബന്ധിച്ച്.

************

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിദ്യാതീരം **2026-27** പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി **CA, ACCA, German, Italian, LLB, IELTS, OET എന്നീ പ്രവേശന പരീക്ഷാ പരിശീലനം** നൽകുന്നതിനു സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നതിനായി താഴെ ചേർത്തിരിക്കുന്ന **Expression of Interest (താൽപര്യപത്രം)** ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**<u>Expression of Interest (താൽപര്യപത്രം)</u>**

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന **വിദ്യാതീരം 2026-27** പദ്ധതിയുടെ ഭാഗമായി **CA, ACCA, German, Italian, LLB, IELTS, OET പ്രവേശന പരീക്ഷാ പരിശീലന** പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പുമായി സഹകരിച്ച് പരിശീലനം നൽകാൻ താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. അതാത് മേഖലകളിൽ കുറഞ്ഞത് **5 വർഷത്തെ പ്രവർത്തനപരിചയമുള്ള** സ്ഥാപനങ്ങൾക്കാണ് അപേക്ഷ സമർപ്പിക്കാൻ അർഹത. പ്രൊപ്പോസലിൽ

സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ, അംഗീകാരങ്ങൾ, രജിസ്ട്രേഷൻ വിവരങ്ങൾ, ബന്ധപ്പെട്ട കോഴ്സുകളിൽ പരിശീലനം നൽകിയിട്ടുള്ള പ്രവൃത്തിപരിചയവും നേട്ടങ്ങളും, പരിശീലന രീതികൾ, സിലബസ്, പഠന പദ്ധതി, ഫാക്കൽറ്റി അംഗങ്ങളുടെ യോഗ്യതയും പരിചയവും, ക്ലാസ് റൂം/ഓൺലൈൻ പഠന സൗകര്യങ്ങൾ, ലാബ്/ലൈബ്രറി/ഡിജിറ്റൽ പഠനസൗകര്യങ്ങൾ, ഹോസ്റ്റൽ/താമസ സൗകര്യം (ലഭ്യമാണെങ്കിൽ),പരിശീലന കാലാവധി , ബാച്ച് സൈസ്, പരിശീലന സമയക്രമം,കോഴ്സ് ഫീസ് ഉൾപ്പെടെയുള്ള സാമ്പത്തിക വിശദാംശങ്ങൾ, കഴിഞ്ഞ മൂന്ന് വർഷത്തെ വിജയശതമാനവും പ്ലേസ്മെന്റ്/റിസൾട്ട് വിവരങ്ങളും എന്നിവ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം.

പ്രൊപ്പോസൽ സ്വീകരിക്കുന്ന അവസാന തീയതി **30-07-2026 ഉച്ചയ്ക്ക് 3.00 മണി** വരെയാണ്. അന്നേ ദിവസം **വൈകുന്നേരം 4.00 മണിക്ക്** ഹാജരാകുന്ന സ്ഥാപനങ്ങളുടെയോ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ പ്രൊപ്പോസലുകൾ തുറന്ന് പരിശോധിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് വികാസ് ഭവൻ, നാലാം നിലയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഡയറക്ടറേറ്റുമായി ബന്ധപ്പെടാവുന്നതാണ്.

**ഫോൺ: 0471-2305042**

വിശ്വസ്തതയോടെ,

**SMITHA R NAIR**

**ADDITIONAL DIRECTOR OF FISHERIES**

ഫിഷറീസ് ഡയറക്ടർക്കു വേണ്ടി.

Digitally signed by
SMITHA. R. NAIR
Date: 20-07-2026
14:11:49